# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:4391 22.07.2015 ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>(ഉദുമ) | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹുമാനപ്പെട്ട മുഖ്യമന്ത്രി) |
| (എ) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായ ഉത്തരവ് ലഭ്യമായിട്ടുള്ള എത്ര പേർക്ക് കാസർഗോഡ് ജില്ലയിൽ തുക നൽകാനുണ്ടെന്ന് താലൂക്ക് തിരിച്ചുള്ള കണക്ക് വിശദമാക്കാമോ; | (എ) കാസർഗോഡ് താലൂക്കിലെ 213 ഗുണഭോക്താക്കൾക്ക് 43,56,476 രൂപയും, ഹോസ്ദുർഗ്ഗ് താലൂക്കിലെ 213 പേർക്ക് 63,37,797 രൂപയും മഞ്ചേശ്വരം താലൂക്കിലെ 309 പേർക്ക് 33,89,000 രൂപയും വെള്ളരിക്കുണ്ട് താലൂക്കിലെ 74 പേർക്ക് 9,60,000 രൂപയും വിതരണം ചെയ്യാനുണ്ട്. |
| (ബി) ഹോസ്ദുർഗ്ഗ് താലൂക്കിൽ പണം നൽകാനുണ്ടായ കാലതാമസം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) ഹോസ്ദുർഗ്ഗ് താലൂക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിനുണ്ടായ കാലതാമസം ശ്രദ്ധയിൽ പെട്ടിരുന്നു. ആയത് പരിഹരിക്കുന്നതിലേക്കായി ജില്ലാ കളക്ടർ ബന്ധപ്പെട്ട താലൂക്ക് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ഇതിൻ പ്രകാരം താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുകയും ധനസഹായ വിതരണം ത്വരിതപ്പെടുത്തുകയും സിംഹഭാഗം ധനസഹായവും ഇതിനോടകം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ